ജി2-7811/2016

ഡയറക്ടറേറ്റ് ഓഫ് പ്രിസൺസ്
ആന്റ് കറക്ഷണൽ സർവ്വീസസ്
തിരുവനന്തപുരം
തീയതി : 30-04-2016

**സർക്കുലർ നമ്പർ 37/2016**

വിഷയം :- ജയിലുകൾ- ജയിൽ അന്തേവാസികളുടെ വിനോദത്തിനായി സിനിമ പ്രദർശനം നടത്തുന്നത് - സംബന്ധിച്ച്

നിരവധി പുരസ്ക്കാരങ്ങൾ നേടിയ "ഒറ്റാൽ" എന്ന ചലച്ചിത്രം 28-04-2016 തീയതിയിൽ തിരുവനന്തപുരം സെൻട്രൽ ജയിൽ & കറക്ഷണൽ ഹോമിൽ ജയിൽ അന്തേവാസികൾക്ക് വേണ്ടി ടി സിനിമയുടെ സംവിധായകനായ ജയരാജ് അവർകളുടെ സാന്നിദ്ധ്യത്തിൽ പ്രദർശിപ്പിക്കുകയുണ്ടായി. ഹൃദയസ്പർശിയായ ടി ചിത്രം അന്തേവാസികൾക്കിടയിൽ വലിയ സ്വീകാര്യതയാണ് ഉണ്ടാക്കിയത്. കലാമൂല്യമുള്ള ഇത്തരം ചിത്രങ്ങൾ സമൂഹത്തിന് നല്ല സന്ദേശങ്ങൾ നൽകുന്നതും, ജയിൽ അന്തേവാസികളെ സാമൂഹ്യമൂല്യങ്ങളെക്കുറിച്ച് കൂടുതൽ ബോധവാൻമാരാക്കുന്നതിനും ഏറെ സാധിക്കുമെന്ന് ടി ചിത്രത്തിന്റെ പ്രദർശനത്തിന് ശേഷം അന്തേവാസികൾ സംവിധാനയകനായ ശ്രീ. ജയരാജ് അവർകളോട് നടത്തിയ തുറന്ന പ്രതികരണങ്ങളിൽ നിന്നും മനസ്സിലാക്കുവാൻ സാധിച്ചു. ആയതിനാൽ പ്രശസ്ത സംവിധായകരായ സർവ്വശ്രീ.ജയരാജ്, അടൂർ ഗോപാലകൃഷ്ണൻ, പത്മരാജൻ എന്നിവരുടെ സിനിമകൾ മാസത്തിൽ രണ്ട് പ്രാവശ്യമെങ്കിലും അന്തേവാസികൾക്ക് വേണ്ടി പ്രദർശിപ്പിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

എല്ലാ ജയിൽ സൂപ്രണ്ടുമാർക്കും

പകർപ്പ് :- 1) ഐ.ജി ഓഫ് പ്രിസൺസ്/ ഡി.ഐ.ജി ഓഫ് പ്രിസൺസ്, ഉത്തര മേഖല/ മദ്ധ്യ മേഖല/ ദക്ഷിണ മേഖല /സി.ഡബ്ല്യൂ.ഒ/പി.എ ടു ഡി.ജി.പി സി.എസ് സി. എ ടു. ഡി.ജി.പി & സി.എസ്

2) സൂപ്രണ്ട്, (ജി) സെക്ഷൻ/ഫയൽ /കരുതൽ ഫയൽ

റ്റി.എസ്